**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.2350 07.02.2019 -ലെ മറുപടിയ്ക്ക്.

**<u>വെണ്ടർമാർക്ക് മുദ്രപത്രം വിതരണം ചെയ്യാൻ സാധിക്കാതെ വരുന്ന സാഹചര്യം</u>**

| ചോദ്യം<br>ഡോ.എം. കെ. മുനീർ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ട്രഷറികളിൽ നിന്നും വിൽപ്പന നടത്തുന്ന വെണ്ടർ നാൾവഴി ബുക്കിനുള്ള ജി.എസ്.ടി. ഒടുക്കാൻ വെണ്ടർമാരെ നിർബന്ധിക്കുന്നതിനാൽ വെണ്ടർമാർക്ക് മുദ്രപത്രം വിതരണം ചെയ്യാൻ സാധിക്കാതെ വന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ജി.എസ്.ടി. ട്രഷറിയിലോ ഓൺലൈനായോ സ്വീകരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) വെണ്ടർ നാൾവഴി രജിസ്റ്ററിന്റെ പ്രിന്റിംഗ് ചാർജിനത്തിലുള്ള ജി.എസ്.ടി ഇനത്തിൽ ഒടുക്കേണ്ട തുക ട്രഷറികളിൽ നേരിട്ട് സ്വീകരിക്കുവാൻ സാധിക്കാത്തതിനാൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ജി.എസ്.ടി.എൻ രജിസ്ട്രേഷൻ എടുക്കുന്നതിനും, ജി.എസ്.ടി.എൻ പോർട്ടൽ മുഖേന ഫണ്ട് ട്രാൻസ്ഫർ ചെയ്യുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ട്രഷറി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജി.എസ്.ടി.എൻ പോർട്ടൽ മുഖേന ജി.എസ്.ടി ഒടുക്കിയ ചെലാൻ ഹാജരാക്കുന്ന വെണ്ടർമാർക്ക് നാൾവഴി രജിസ്റ്റർ താമസംവിനാ ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**